**ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

ഹാജർ: ശാലിനി ഗോപിനാഥ്

ക്ഷീര വികസന വകുപ്പ്- ജീവനക്കാര്യം- ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ സ്ഥാനക്കയറ്റ- സ്ഥലംമാറ്റ ഉത്തരവ് - ചാർജ്ജ് അറേഞ്ച്മെന്റ് നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/1428/2024-ES1 തിരുവനന്തപുരം,തീയതി:16-11-2024

പരാമർശം:- സ.ഉ(സാധാ) നം. 158/2024/ഡിഡി. തീയതി. 15.11.2024

**ഉത്തരവ്**

മേൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികകളിലെ സ്ഥാനക്കയറ്റ- സ്ഥലംമാറ്റ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ചാർജ്ജ് അറേഞ്ച്മെന്റ് നടത്തി ഉത്തരവാകുന്നു.

- ജോയിന്റ് ഡയറക്ടർ (പ്ലാനിംഗ്) ആയി സ്ഥാനക്കയറ്റം ലഭിച്ച കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ബോബി പീറ്റർ, ടിയാന്റെ ചുമതലകൾ കോഴിക്കോട് അസിസ്റ്റന്റ് ഡയറക്ടർ / ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീമതി. ജീജ കെ എം - ന് നൽകി ചുമതലകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.
- ജോയിന്റ് ഡയറക്ടർ/ ക്വാളിറ്റി മാനേജർ ആയി സ്ഥാനക്കയറ്റം ലഭിച്ച മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. ഷീബാ ഖമർ, ടിയാന്റെ ചുമതലകൾ മലപ്പുറം അസിസ്റ്റന്റ് ഡയറക്ടർ / ക്വാളിറ്റി കൺട്രോൾ ഓഫീസർ ശ്രീമതി. സുനൈന പി പി - യ്ക്ക് നൽകി ചുമതലകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.
- ഡയറക്ടറേറ്റിലേയ്ക്ക് അസിസ്റ്റന്റ് ഡയറക്ടർ / എസ് എം എസ് (ഡയറി) ആയി സ്ഥലംമാറ്റം ലഭിച്ച സ്റ്റേറ്റ് ഫോഡർ ഫാം ഹെഡ് ശ്രീമതി. പൗർണ്ണമി സി വി, ടിയാന്റെ ചുമതലകൾ സ്റ്റേറ്റ് ഫോഡർ ഫാമിലെ ക്ഷീര വികസന ഓഫീസർ ശ്രീമതി. ബിന്ദു ഒ ബി - യ്ക്ക് നൽകി ചുമതലകളിൽ നിന്നും വിടുതൽ ചെയ്യേണ്ടതാണ്.
- മറ്റ് തസ്തികകളിലെ സ്ഥാനക്കയറ്റ - സ്ഥലംമാറ്റ ഉത്തരവിന്മേൽ ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർമാർ ചാർജ്ജ് അറേഞ്ച്മെന്റ് നടത്തി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യേണ്ടതാണ്.

Signed by
Salini Gopinath
Date: 16-11-2024 12:24:42
ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- 1) ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പത്തനംതിട്ട, ആലപ്പുഴ, ഐ ടി സെൽ

2) ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം